## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും എ3 പ്രിന്റർ ഭരണചെലവിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) 295/13/തസ്വഭവ — തിരുവനന്തപുരം, തീയതി, 02.02.2013

---

പരാമർശം:- 1. 4/10/12 ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 12-ാം മത്തെ യോഗത്തിന്റെ 22-ാം മത് തീരുമാനം.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 15/12/12 ലെ 3493/EGS2/12/CRD നമ്പർ കത്ത്.

## ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രവൃത്തികൾക്ക് ആവശ്യമുള്ള മസ്റ്റർ റോൾ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ സാക്ഷ്യപ്പെടുത്തി അവ പ്രത്യേക കോഡ് നമ്പർ രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ലഭ്യമാക്കണമെന്ന് മാർഗ്ഗനിർദ്ദേശത്തിൽ അനുശാസിച്ചിട്ടുണ്ട്. നിലവിലുള്ള മസ്റ്റർ റോൾ ഫോർമാറ്റിൽ നിരവധി വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടിവരുന്നതിനാൽ ഇത്രയും വിവരങ്ങൾ എ4 സൈസ് പേപ്പറിൽ ഉൾക്കൊള്ളിക്കുമ്പോൾ തൊഴിലാളികളുടെ ഹാജർ രാവിലെയും ഉച്ചയ്ക്കു ശേഷവും പ്രത്യേകമായി രേഖപ്പെടുത്തുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കുന്നില്ലെന്നും മസ്റ്റർറോളിന്റെ പ്രിന്റ് എടുക്കുന്നതിന് എ3 പ്രിന്റർ ലഭ്യമാക്കിയാൽ ഈ പോരായ്മ പരിഹരിക്കാവുന്നതാണെന്നും ഈ സാഹചര്യത്തിൽ എല്ലാ ബി.പി.ഒ മാർക്കും എ3 പ്രിന്റർ ഭരണചെലവിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകണമെന്നും പരാമർശം(1) ലെ തീരുമാന പ്രകാരം പരാമർശം (2) മുഖേന മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മസ്റ്റർറോളുകളുടെ പ്രിന്റ് എടുക്കുന്നതിന് ബി. പി ഒ മാർക്ക് എ3 സൈസ് പ്രിന്റർ പദ്ധതി ഭരണചെലവിൽ നിന്നും സ്റ്റോർ പർച്ചേസ് നിബന്ധനകൾക്കനുസൃതമായി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജി. ശിവപ്രസാദ്,
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ